✍ ടി.കെ ഉബൈദ്



ഖുർആൻ ബോധനം

# 1146

# സൂറ – 40 / ഗാഫിർ

### സൂക്തം: 10 – 12

പ്രകൃതിയെ ധ്വംസിച്ചാൽ പ്രകൃതി തിരിച്ചടിക്കും. അത് ചിലപ്പോൾ ഇഹലോകത്തു തന്നെ നേരിടേണ്ടി വരും. അമിതമായ പ്രകൃതി ചൂഷണം സൃഷ്ടിക്കുന്ന വിപത്തുകൾ ആധുനിക ലോകം അനുഭവിച്ചുകൊണ്ടിരിക്കുകയാണല്ലോ. പ്രകൃതിയെ ധ്വംസിച്ചവൻ മാത്രമല്ല പ്രകൃതിയുടെ തിരിച്ചടി അനുഭവിക്കേണ്ടി വരിക. ചിലപ്പോൾ ധ്വംസകർ ഒന്നും നേരിടേണ്ടി വന്നില്ല എന്നും വരാം. പക്ഷെ, അവർ രക്ഷപ്പെട്ടുവെന്ന് കരുതേണ്ട. പ്രകൃതി ധ്വംസകർ ഇവിടെ തിരിച്ചടി ഏറ്റാലും ഇല്ലെങ്കിലും പരലോകത്ത് വലിയ തിരിച്ചടി ഏൽക്കേണ്ടി വരും.

إِنَّ ٱلَّذِينَ كَفَرُوا۟ يُنَادَوْنَ لَمَقْتُ ٱللَّهِ أَكْبَرُ مِن مَّقْتِكُمْ أَنفُسَكُمْ إِذْ تُدْعَوْنَ إِلَى ٱلْإِيمَٰنِ فَتَكْفُرُونَ ﴿١٠﴾

10. അല്ലാഹുവിന്റെ കാരുണ്യം കാത്തരുളാത്ത ദൈവനിഷേധികൾ അന്നാളിൽ വിളിച്ചറിയിക്കപ്പെടുന്നു: ഇന്ന് നിങ്ങൾക്ക് നിങ്ങളോടുള്ള വെറുപ്പിനേക്കാളും നിന്ദയേക്കാളും എത്രയോ കഠിനമാണ് സത്യവിശ്വാസത്തിലേക്കു ക്ഷണിക്കപ്പെട്ടപ്പോൾ തള്ളിക്കളഞ്ഞ നിങ്ങളോടുള്ള അല്ലാഹുവിന്റെ വെറുപ്പും നിന്ദയും.

**10**

إِنَّ الَّذِينَ كَفَرُوا = (അല്ലാഹുവിന്റെ കാരുണ്യം കാത്തരുളാത്ത ദൈവ) നിഷേധികൾ

يُنَادَوْنَ = (അന്നാളിൽ) വിളി(ച്ചറിയി)ക്കപ്പെടുന്നു

لَمَقْتُ اللَّهِ = (നിങ്ങളോടുള്ള) അല്ലാഹുവിന്റെ വെറുപ്പ് (പ്പും നിന്ദയും) أَكْبَرُ = ഏറെ വലുത് (എത്രയോ കഠിനമാണ്)

مِن مَّقْتِكُمْ أَنفُسَكُمْ = നിങ്ങൾക്ക് നിങ്ങളോടു തന്നെയുള്ള വെറുപ്പിനെ(യും നിന്ദയെയും) കാൾ

إِذْ تُدْعَوْنَ = നിങ്ങൾ ക്ഷണിക്കപ്പെട്ടപ്പോൾ إِلَى الْإِيمَانِ = സത്യവിശ്വാസത്തിലേക്ക്

فَتَكْفُرُونَ = അപ്പോൾ നിങ്ങൾ നിഷേധിക്കുന്നു (തള്ളിക്കളഞ്ഞ നിങ്ങളോട്)

ഇനി, ഭൗതിക ലോകത്ത് അധാർമിക ജീവിതം നയിച്ച സത്യനിഷേധികളുടെ അവസ്ഥ വർണിക്കുകയാണ്. വിചാരണ നാളിൽ സ്വന്തം ദുരവസ്ഥയും, പ്രവാചകനെയും വേദശാസനകളെയും പിന്തുടർന്നതിന്റെ പേരിൽ വിശ്വാസികൾക്ക് അല്ലാഹു ദയാപൂർവം നൽകുന്ന പാപമുക്തിയും രക്ഷയും കാണുമ്പോൾ ഇഹലോകത്ത് പ്രവാചകനെയും വേദത്തെയും നിഷേധിച്ചവർക്ക് അവരോടു തന്നെ കടുത്ത വെറുപ്പും നിന്ദയും തോന്നുന്നു. പുഛവും പരിഹാസവും നിറഞ്ഞ കടുത്ത രോഷമാണ് مقت. ആ സന്ദർഭത്തിൽ ഈ ആത്മനിന്ദ കൊണ്ടും രോഷം കൊണ്ടും ഒരു ഗുണവുമില്ല. ആത്മവിമർശനത്തിന്റെയും സംസ്കരണത്തിന്റെയും കാലം എന്നന്നേക്കുമായി അവസാനിച്ചു കഴിഞ്ഞിരിക്കുന്നു. അപ്പോൾ മലക്കുകൾ വിളിച്ചറിയിക്കുന്നതായി അവർ കേൾക്കുന്നു: ഭൗതിക ലോകത്ത് സത്യപ്രബോധകർ അല്ലാഹുവിലേക്കും അവന്റെ വിധിവിലക്കുകളിലേക്കും ക്ഷണിച്ചപ്പോൾ നിങ്ങൾ പ്രവാചകന്മാരെയും പ്രബോധകരെയും രൂക്ഷമായി ആക്ഷേപിക്കുകയും ഏകനായ സാക്ഷാൽ ദൈവത്തെ നിഷേധിക്കുകയുമായിരുന്നില്ലേ. ഇങ്ങനെയൊരു വിചാരണാ നാളിനെ നേരിടേണ്ടി വരുമെന്ന താക്കീതിനെയും പുഛിച്ചു തള്ളി. അതിൽ ഇപ്പോൾ നിങ്ങൾക്കു തോന്നുന്ന വെറുപ്പും ആത്മ

നിന്ദയുമുണ്ടല്ലോ, അതിനെക്കാൾ എത്രയോ വലുതാണ് നിങ്ങൾ ആ നിലപാട് സ്വീകരിച്ചപ്പോൾ അല്ലാഹുവിന് നിങ്ങളോടുള്ള വെറുപ്പും നിന്ദയും. ഏകദൈവത്തോടും ദൈവിക സന്ദേശങ്ങളോടും അവർ പ്രകടിപ്പിച്ചിരുന്ന വെറുപ്പും വിദ്വേഷവും കഴിഞ്ഞ സൂറയുടെ 45-ാം സൂക്തവും *അൽ ഇസ്റാഅ്* 46-ാം സൂക്തവും പരാമർശിക്കുന്നുണ്ട്. വിശദീകരണം പ്രസ്തുത സൂക്തങ്ങൾക്ക് താഴെ കാണുക. അടുത്ത 12-ാം സൂക്തവും ഇക്കാര്യം പരാമർശിക്കുന്നുണ്ട്.

ദൈവത്തെയും ദൈവിക ധർമവ്യവസ്ഥ(ദീൻ) യെയും നിഷേധിക്കുന്നവരെ അല്ലാഹു വെറുക്കുന്നത് ആ നിഷേധം കൊണ്ട് അല്ലാഹുവിന് എന്തെങ്കിലും ദോഷമുണ്ടാകുന്നതുകൊണ്ടല്ല. ഇഛാസ്വാതന്ത്ര്യവും വിവേചന ബോധവുമുള്ള മനുഷ്യന്റെ ജീവിതത്തെ പ്രപഞ്ച പ്രകൃതിയുമായി സമരസപ്പെടുത്തുന്ന വ്യവസ്ഥയാണ് ദീൻ. പ്രകൃതി അല്ലാഹുവിന്റെ സംവിധാനം -فطرة الله- ആകുന്നു. പ്രകൃതിയെ ധ്വംസിച്ചാൽ പ്രകൃതി തിരിച്ചടിക്കും. അത് ചിലപ്പോൾ ഇഹലോകത്തു തന്നെ നേരിടേണ്ടി വരും. അമിതമായ പ്രകൃതി ചൂഷണം സൃഷ്ടിക്കുന്ന വിപത്തുകൾ ആധുനിക ലോകം അനുഭവിച്ചുകൊണ്ടിരിക്കുകയാണല്ലോ. പ്രകൃതിയെ ധ്വംസിച്ചവൻ മാത്രമല്ല പ്രകൃതിയുടെ തിരിച്ചടി അനുഭവിക്കേണ്ടി വരിക. ചിലപ്പോൾ ധ്വംസകർ ഒന്നും നേരിടേണ്ടി വന്നില്ല എന്നും വരാം. പക്ഷെ, അവർ രക്ഷപ്പെട്ടുവെന്ന് കരുതേണ്ട. പ്രകൃതി ധ്വംസകർ ഇവിടെ തിരിച്ചടി ഏറ്റാലും ഇല്ലെങ്കിലും പരലോകത്ത് വലിയ തിരിച്ചടി ഏൽക്കേണ്ടി വരും. കരുണാമയനായ അല്ലാഹുവിന് തന്റെ സൃഷ്ടികൾ ഈ ലോകത്തോ പരലോകത്തോ ശിക്ഷിക്കപ്പെടുന്നതിൽ താൽപര്യമില്ല. അവർ പ്രകൃതിയോട് സമരസപ്പെട്ട് ജീവിച്ച് ഈ ലോകത്തും പരലോകത്തും സുരക്ഷിതരാകുന്നതാണ് അവൻ ഇഷ്ടപ്പെടുന്നത്. അതുകൊണ്ടാണ് തന്റെ പ്രകൃതി വ്യവസ്ഥക്കൊത്ത ജീവിത ക്രമം മനുഷ്യരെ പഠിപ്പിക്കാൻ ദൈവദൂതന്മാരെ നിയോഗിച്ചതും വേദപ്രമാണങ്ങളയച്ചതും. മനുഷ്യർ അതെല്ലാം പുഛിച്ചു തള്ളി ധാർഷ്ട്യത്തോടെ പ്രകൃതി വിരുദ്ധ, സത്യവിരുദ്ധ വിശ്വാസങ്ങളും കർമങ്ങളും കൈക്കൊണ്ട് ശിക്ഷയുടെയും തിരിച്ചടിയുടെയും മാർഗത്തിൽ സഞ്ചരിക്കുന്നതു കാണുമ്പോൾ അല്ലാഹു അവരെ വെറുക്കുകയും നിന്ദിക്കുകയും ചെയ്യുന്നു. ഈ വെറുപ്പ് അവരോടവൻ പുലർത്തുന്ന ഗുണകാംക്ഷയുടെ താൽപര്യമാകുന്നു. ●

قَالُوا۟ رَبَّنَآ أَمَتَّنَا ٱثْنَتَيْنِ وَأَحْيَيْتَنَا ٱثْنَتَيْنِ فَٱعْتَرَفْنَا بِذُنُوبِنَا فَهَلْ إِلَىٰ خُرُوجٍ مِّن سَبِيلٍ ﴿١١﴾

11. അവർ വിലപിക്കുകയായി: ഞങ്ങളുടെ നാഥാ, നീ ഞങ്ങളെ രണ്ടുവട്ടം മരിപ്പിക്കുകയും രണ്ടുവട്ടം ജീവിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഇപ്പോൾ ഞങ്ങൾ കുറ്റം സമ്മതിച്ചു. ഇനി ഞങ്ങളുടെ മോചനത്തിന് വല്ല മാർഗവുമുണ്ടോ?

**11**

قَالُوا = അവർ പറഞ്ഞു (വിലപിക്കുകയായി) رَبَّنَا = ഞങ്ങളുടെ നാഥാ
أَمَتَّنَا اثْنَتَيْنِ = നീ ഞങ്ങളെ രണ്ടുവട്ടം മരിപ്പിച്ചു وَأَحْيَيْتَنَا اثْنَتَيْنِ = രണ്ടുവട്ടം ജീവിപ്പിക്കുകയും ചെയ്തിരിക്കന്നു
فَاعْتَرَفْنَا = ഞങ്ങൾ സമ്മതിച്ചു بِذُنُوبِنَا = ഞങ്ങളുടെ കുറ്റങ്ങൾ فَهَلْ = ഇനി (ഞങ്ങൾക്ക്) ഉണ്ടോ
إِلَىٰ خُرُوجٍ = പുറപ്പാടിലേക്ക് (മോചനത്തിന്) مِّن سَبِيلٍ = വല്ല മാർഗവും

മുൻ സൂക്തം സൂചിപ്പിച്ച അറിയിപ്പ് കേൾക്കുന്ന ദുഷ്ടജനങ്ങൾ വിലപിക്കുകയായി: നാഥാ, ഈ അണ്ഡകടാഹം ഒറ്റക്കൊരു ദൈവത്തിന് പരിപാലിക്കാനാവില്ല, അതിന് അനേകം ദൈവങ്ങൾ വേണമെന്നായിരുന്നു ഞങ്ങളുടെ വിചാരം. മരണാനന്തരം ഉയിർത്തെഴുന്നേൽപിക്കപ്പെട്ട് വിചാരണാ വിധേയരാവുക അസംഭവ്യമാണെന്നും ഞങ്ങൾ കരുതി. അതുകൊണ്ടാണ് ഞങ്ങൾ നിന്റെ ഏകത്വത്തെയും ഞങ്ങളുടെ ഉയിർത്തെഴുന്നേൽപിനെയും പരിഹസിച്ചു തള്ളിയത്. ഇപ്പോഴിതാ നീ രണ്ടുവട്ടം മരിപ്പിച്ചതും രണ്ടുവട്ടം ജീവിപ്പിച്ചതും ഞങ്ങൾക്ക് അനുഭവവേദ്യമായിരിക്കുന്നു. ഞങ്ങൾ ഞങ്ങളുടെ കുറ്റങ്ങൾ തുറന്നു സമ്മതിക്കുന്നു. ഇനി നരകശിക്ഷയിൽനിന്ന് രക്ഷപ്പെടാൻ ഞങ്ങൾക്കു വല്ല വഴിയുമുണ്ടോ? അതായത് ഒരിക്കൽ കൂടി ഇഹലോകത്ത് ചെന്ന് സത്യ-ധർമങ്ങളിൽ വിശ്വസിച്ച് സൽക്കർമങ്ങളാചരിച്ച് ജീവിതം നയിക്കാൻ അവസരം തരുമോ?

ജീവിയുടെ ജീവൻ നഷ്ടപ്പെടുകയാണ് മരണം. ജീവൻ തീരെ ഉണ്ടായിട്ടില്ലാത്ത അവസ്ഥക്കും موت എന്നു പറയും. ഇവിടെ പറയുന്ന രണ്ടു മരണങ്ങളിൽ ആദ്യത്തേത് മനുഷ്യൻ ജീവി ആയിത്തീരുന്നതിനു മുമ്പ് പിതാക്കളുടെ ഉരസ്സിൽ ബീജമായി നിലകൊണ്ട മൃതാവസ്ഥയും, രണ്ടാമത്തേത് ഭൗതിക ജീവിതത്തിന്റെ അന്ത്യവുമാണെന്ന് പൊതുവിൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. അതായത് ആദ്യത്തേത് മനുഷ്യൻ ജനിക്കും മുമ്പുള്ള അവസ്ഥയും രണ്ടാമത്തേത് ജീവിതം അവസാനിച്ച ശേഷമുള്ള അവസ്ഥയും. ഇമാം ഖുർതുബിയെപ്പോലുള്ള പണ്ഡിതന്മാരുടെ വീക്ഷണത്തിൽ ആദ്യമരണം ഭൗതിക ജീവിതത്തിന്റെ അന്ത്യമാണ്. പിന്നെ ഖബ്റിൽ ചോദ്യം ചെയ്യപ്പെടുന്നതിനു വേണ്ടി ജീവിക്കുന്നു. ചോദ്യം ചെയ്യലിനു ശേഷമുള്ള മരണമാണ് രണ്ടാമത്തേത്. അങ്ങനെയാണെങ്കിൽ രണ്ടുവട്ടം മരിപ്പിക്കുകയും മൂന്നുവട്ടം ജീവിപ്പിക്കുകയും ചെയ്തു എന്നല്ലേ പറയേണ്ടത്? ഭൂമിയിൽ ജനിച്ച ശേഷം മരണം വരെയുള്ള ജീവിതവും മരണാനന്തരം ഉയിർത്തെഴുന്നേൽപിനു ശേഷമുള്ള ജീവിതവുമാണ് രണ്ടു ജീവിതങ്ങൾ എന്ന കാര്യത്തിൽ തർക്കമില്ല. ●

ذَٰلِكُم بِأَنَّهُۥٓ إِذَا دُعِىَ ٱللَّهُ وَحْدَهُۥ كَفَرْتُمْ ۖ وَإِن يُشْرَكْ بِهِۦ تُؤْمِنُوا۟ ۚ فَٱلْحُكْمُ لِلَّهِ ٱلْعَلِىِّ ٱلْكَبِيرِ ﴿١٢﴾

12. മറുപടിയുണ്ടാകുന്നു: ഏകനായ അല്ലാഹുവിലേക്ക് പ്രബോധനം ചെയ്യപ്പെട്ടപ്പോൾ അതു നിഷേധിച്ചതുകൊണ്ടത്രെ നിങ്ങൾക്കീ ഗതി വന്നത്. ബഹുദൈവങ്ങളിലേക്ക് വിളിക്കുമ്പോൾ നിങ്ങൾ സസന്തോഷം സ്വീകരിക്കുമായിരുന്നു. ഇന്നിപ്പോൾ വിധിതീർപ്പ് സമ്പൂർണമായി ഉന്നതനും മഹനീയനുമായ അല്ലാഹുവിന്റെ ഹസ്തത്തിലാകുന്നു.

**12**

ذَٰلِكُم = (മറുപടിയുണ്ടാകുന്നു) അത് (നിങ്ങൾക്ക് ഈ ഗതി വന്നത്) بِأَنَّهُ = എന്തുകൊണ്ടെന്നാൽ

إِذَا دُعِيَ اللَّهُ = അല്ലാഹു വിളിക്കപ്പെട്ടാൽ (അല്ലാഹുവിലേക്ക് പ്രബോധനം ചെയ്യപ്പെട്ടപ്പോൾ)

وَحْدَهُ = അവൻ ഏകനായ നിലയിൽ كَفَرْتُمْ = നിങ്ങൾ നിഷേധിച്ചു (ച്ചതുകൊണ്ടത്രെ)

وَإِن يُشْرَكْ بِهِ = അവനോട് പങ്കു ചേർക്കപ്പെടുകയാണെങ്കിൽ (ബഹുദൈവങ്ങളിലേക്ക് വിളിക്കുമ്പോൾ)

تُؤْمِنُوا = നിങ്ങൾ വിശ്വസിക്കുന്നു (സസന്തോഷം സ്വീകരിക്കുമായിരുന്നു)

فَالْحُكْمُ = (ഇന്നിപ്പോൾ) വിധിതീർപ്പ് (സമ്പൂർണമായി)

لِلَّهِ الْعَلِيِّ الْكَبِيرِ = ഉന്നതനും മഹനീയനുമായ അല്ലാഹുവിന് (വിന്റെ ഹസ്തത്തിൽ) ആകുന്നു

ദുർജനത്തിന്റെ വിലാപത്തിന് അല്ലാഹുവിങ്കൽ നിന്നുണ്ടാകുന്ന പ്രതികരണമാണിത്. തങ്ങൾക്ക് ഭൗതിക ജീവിതത്തിന് ഒരവസരം കൂടി തരേണമെന്ന അപേക്ഷക്ക് ഇവിടെ നേരിട്ട് മറുപടി പറയുന്നില്ല. 6:28-ൽ അതിന് ഇപ്രകാരം മറുപടി പറഞ്ഞിരിക്കുന്നു وَلَوْ رُدُّوا لَعَادُوا لِمَا نُهُوا عَنْهُ وَإِنَّهُمْ لَكَاذِبُونَ (അവർ ഭൗതിക ജീവിതത്തിലേക്ക് തിരിച്ചയക്കപ്പെട്ടാലും വിലക്കപ്പെട്ട വിശ്വാസങ്ങളിലേക്കും ആചാരങ്ങളിലേക്കും തന്നെയാണവർ മടങ്ങുക. ഇനിയൊരവസരം കിട്ടിയാൽ സത്യവിശ്വാസികളും സൽകർമികളും ആയിക്കൊള്ളണമെന്ന അവരുടെ വാഗ്ദാനം തികഞ്ഞ കള്ളമാകുന്നു). ഇനിയൊരു മോചനമാർഗം ഉണ്ടെന്നോ ഇല്ലെന്നോ പറയാതെ ഈ ദുരവസ്ഥയിലെത്തിപ്പെട്ടതിന്റെ അടിസ്ഥാന കാരണം ഓർമിപ്പിക്കുകയാണിവിടെ. ആ കാരണം നല്ലവണ്ണം ഓർത്താൽ അവരുടെ ചോദ്യത്തിന്റെ ഉത്തരവും അതിൽനിന്നു ലഭിക്കും.

സാന്മാർഗിക ജീവിതത്തിന്റെ -പ്രകൃതിയോട് സമരസപ്പെട്ടുകൊണ്ടുള്ള ജീവിതത്തിന്റെ അസ്തിവാരം സാക്ഷാൽ ദൈവം ഏകനാകുന്നു എന്ന വിശ്വാസമാണ്. തൗഹീദിൽ വിശ്വസിക്കുകയെന്നാൽ സർവശക്തനും സർവജ്ഞനും പരമാധികാരിയുമായ അസ്തിത്വം ഒന്നേയുള്ളൂവെന്നും ആ അസ്തിത്വത്തിന്റെ വിധിവിലക്കുകളനുസരിക്കേണ്ടതാണെന്നും അവനെ ധിക്കരിക്കുന്നവരുടെ ജീവിതം ദുഷിക്കുമെന്നും ദുഷ്ട ജീവിതത്തിന് കനത്ത തിരിച്ചടിയുണ്ടെന്നും സമ്മതിക്കുകയാണ്. ഈ സത്യസന്ദേശത്തിലേക്ക് വിളിച്ചപ്പോൾ നിഷേധിക്കുകയും വിളിക്കുന്നവരെ ആക്രമിക്കുകയും ചെയ്തവരാണ് ഇപ്പോൾ മറ്റൊരു ഭൗതിക ജീവിതത്തിനു വേണ്ടി കേഴുന്നത്; പ്രകൃതിയുടെ നിയമത്തേക്കാൾ, -അല്ലാഹുവിന്റെ വിധിവിലക്കുകളേക്കാൾ - സ്വേഛകളുടെ വിധിവിലക്കുകളെയാണവർ മാനിച്ചത്. സർവാധികാരിയും ആത്യന്തിക വിധികർത്താവുമായ ഏകദൈവത്തെകുറിച്ച് കേൾക്കുന്നതേ അവർക്കരോചകമായിരുന്നു. ഏകദൈവത്തിൽ വിശ്വസിച്ചാൽ അവനെ മാത്രം ആരാധിക്കുകയും അവന്റെ നിയമങ്ങൾ മാത്രം അനുസരിക്കുകയും ചെയ്യേണ്ടിവരും. തങ്ങളുടെ സ്വേഛകളുടെയും സ്വാതന്ത്ര്യത്തിന്റെയും ശത്രുവാണാ ദൈവം. ആസക്തികളും അവ ശമിപ്പിക്കുന്നതിനുള്ള നിരങ്കുശ സ്വാതന്ത്ര്യവും കലവറയില്ലാതെ അനുവദിക്കുന്ന പല ദൈവങ്ങളെയാണവർ തേടിയത്. അല്ലാഹുവല്ലാതെ ദൈവമേതും ഇല്ലാത്തതിനാൽ അവർ തങ്ങൾക്കുവേണ്ടി സാങ്കൽപിക ദൈവങ്ങളെ സൃഷ്ടിച്ചു. അല്ലെങ്കിൽ സൃഷ്ടികളെ ദൈവങ്ങളായി സങ്കൽപിച്ചു. അത്തരം ദൈവങ്ങളിലേക്കു ക്ഷണിക്കപ്പെടുമ്പോൾ അവർ സസന്തോഷം സ്വീകരിക്കുന്നു. ആ ദൈവങ്ങൾ തങ്ങളോട് വിധിവിലക്കുകൾ കൽപിക്കുകയില്ലല്ലോ. തങ്ങളുടെ തന്നിഷ്ടങ്ങൾ അവരുടെ വിധികളായി ആരോപിച്ച് ആചരിക്കാമല്ലോ.

സ്വന്തം ഭാഗധേയം തെരഞ്ഞെടുക്കാനുള്ള അവസരവും സ്വാതന്ത്ര്യവും അവസാനിച്ചിരിക്കുന്നു. അവസരവും സ്വാതന്ത്ര്യവും ലഭിച്ച ഘട്ടത്തിൽ നിങ്ങൾ തെരഞ്ഞെടുത്ത നന്മതിന്മകളുടെ ഫലം അനുഭവിക്കേണ്ട ഘട്ടത്തിലേക്ക് കടന്നിരിക്കുകയാണിപ്പോൾ. ഇവിടെ തീരുമാനാധികാരം മുഴുവൻ മഹനീയനും അത്യുന്നതനുമായ അല്ലാഹുവിന്നുമാത്രമാണ്. ഇവിടെ വെച്ച് വീണ്ടും ഭൗതിക ജീവിതം ആവശ്യപ്പെടുന്നത് നിരർഥകമാണ്. കൊടുംപാതകങ്ങളുടെ പേരിൽ വധശിക്ഷയോ ആജീവനാന്ത തടവോ വിധിക്കപ്പെടുന്നവർ, ഇനിയുള്ളകാലം ഒരു കുറ്റവും ചെയ്യാതെ സന്മാർഗികളും സാത്വികരുമായി ജീവിച്ചു കൊള്ളാം, ഞങ്ങളെ വിട്ടയച്ചാലും എന്ന് ന്യായാധിപനോട് അപേക്ഷിക്കുന്നതുപോലെയാണത്. فَالْحُكْمُ -ലെ ال സാകല്യത്തെ جنس-നെ കുറിക്കുന്നതാണ്. അതായത് എല്ലാ തീരുമാനങ്ങളും എടുക്കാനുള്ള സർവാധികാരവും. إِنِ الْحُكْمُ إِلَّا لِلَّهِ (അല്ലാഹുവിന്നല്ലാതെ വിധികർതൃത്വമില്ല -12:40) എന്ന വാക്യത്തിന്റെയും താൽപര്യം ഇതുതന്നെയാണ്. അവന്റെ വിധിക്ക് അപ്പീലില്ല. പുനഃപരിശോധനയുമില്ല. ഇഹലോകത്ത് മനുഷ്യനുള്ള സ്വാതന്ത്ര്യത്തെയും വിവേചനശക്തിയെയും ഈ വിധികർതൃത്വം നിഷേധിക്കുന്നില്ല. പക്ഷെ, ആ സ്വാതന്ത്ര്യം ഉപയോഗിച്ചു ചെയ്ത കർമങ്ങളുടെ ഫലം പരലോകത്ത് അനുഭവിക്കാൻ ഓരോ വ്യക്തിയും ബാധ്യസ്ഥനാണ്. ആ ഫലം വിധിക്കുന്നത് അല്ലാഹു മാത്രമായിരിക്കും. ആദർശങ്ങളും പ്രവർത്തനങ്ങളും തെരഞ്ഞെടുക്കാൻ ഇഹലോകത്ത് മനുഷ്യനുണ്ടായിരുന്ന പരിമിതമായ സ്വാതന്ത്ര്യം പരലോകത്ത് അതിന്റെ ഫലം വിധിക്കുന്നതിൽ ഉണ്ടായിരിക്കുകയില്ല. അന്ന് വിധികർതൃത്വം സമ്പൂർണമായി അല്ലാഹുവിന്നുമാത്രമായിരിക്കും ഇതാണ് فَالْحُكْمُ لِلَّهِ الْعَلِيِّ الْكَبِيرِ ന്റെ താൽപര്യം. ●